**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1994** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഫെസിലിറ്റി മാനേജ്മെന്റ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി നടപ്പിലാക്കിയ പദ്ധതിയുടെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കൺട്രോൾ റൂമുകളുടെ വൈദ്യുതി ചാർജ്ജ്, കൺട്രോൾ റൂമുകളുടെ ഇന്റർനെറ്റ് ചാർജ്ജ്, നിയമലംഘനങ്ങൾക്കുള്ള ചെല്ലാനുകൾ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്ത് പ്രിന്റ് എടുത്ത് ഡെസ്പാച്ച് ചെയ്യുന്നത്, കൺട്രോൾറൂമുകൾ പരിപാലിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ സേവനം ലഭ്യമാക്കുക എന്നിവയാണ് പ്രധാനമായും ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിന്റെ ഭാഗമായിട്ടുള്ള പ്രവൃത്തികൾ. |
| (ബി) | പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുവാൻ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ: പ്രവൃത്തികൾ നിർവ്വഹിക്കാനുള്ള സ്ഥാപനത്തെ ടെൻഡറിലൂടെയാണോ തെരഞ്ഞെടുത്തതെന്ന് വിശദമാക്കുമോ ? | (സി) | ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടില്ല. സർക്കാരിന്റെ അക്രെഡിറ്റെഡ് ഏജൻസിയും സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനവുമായ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ